# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2331

## 12/02/2020 ൽ മറുപടി നൽകേണ്ടത്

**<u>സാമൂഹ്യക്ഷേമ പെൻഷൻ</u>**

**ചോദ്യം**

ശ്രീ. പി. ഉണ്ണി

**മറുപടി**

ഡോ. ടി.എം.തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സമൂഹത്തിലെ അർഹരായ ദുർബലവിഭാഗങ്ങൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 600/- രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ 15.07.2016-ലെ GO(MS) 282/2016/Fin ഉത്തരവ് പ്രകാരം 01.06.2016 മുതൽ 1000/- രൂപയായും 23.03.2017-ലെ GO(MS) 204/2017/Fin ഉത്തരവ് പ്രകാരം 01.04.2017 മുതൽ 1100/- രൂപയായും തുടർന്ന് 18.02.2019-ലെ GO(MS) 91/2019/Fin ഉത്തരവ് പ്രകാരം 01.04.2019 മുതൽ 1200/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 21.02.2018-ലെ GO(MS) 61/2018/Fin ഉത്തരവ് പ്രകാരം 80 ശതമാനവും അതിനു മുകളിലും വൈകല്യമുളളവർക്ക് 21.02.2018 മുതൽ വികലാംഗ പെൻഷൻ തുക 1100/- രൂപയിൽ നിന്നും 1300/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ 4734110 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നു. കൂടാതെ തൊഴിലാളികളിൽ നിന്നും അംശാദായം സ്വീകരിച്ച് അതാത് ബോർഡുകളുടെ സ്വന്തം ഫണ്ടിൽ നിന്നും പെൻഷൻ വിതരണം നടത്തിയിരുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ വിതരണം കൂടി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. നിലവിൽ 16 ക്ഷേമനിധി ബോർഡുകളിലായി 678164 ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിക്കുന്ന തുക ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്നുണ്ട്. വ്യത്യസ്ത നിരക്കുകളിൽ നൽകിവന്നിരുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഏകീകരിക്കുകയും, സാമൂഹ്യ സുരക്ഷാ പെൻഷന് ആനുപാതികമായി വർദ്ധിപ്പിച്ച് |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുകയാണ് വർദ്ധിപ്പിച്ചത്; വിശദാംശം ലഭ്യമാക്കാമോ? | |

പ്രതിമാസം 1200/- രൂപ നിരക്കിലാക്കുകയും ആയത് സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പംതന്നെ വിതരണം ചെയ്തുവരികയുമാണ്. നിലവിൽ വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലങ്ങളിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വീട്ടുകളിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ താൽപര്യാർത്ഥം പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നേരിട്ട് നൽകുകയോ, അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക നിക്ഷേപിക്കുകയോ ആണ് ചെയ്ത് വരുന്നത്. എല്ലാ ക്ഷേമനിധി/ സാമൂഹ്യ സുരക്ഷാ പെൻഷനുകളും 1300/- രൂപയായി ഉയർത്തുമെന്ന് 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ